"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എരിമയൂർ ഗ്രാമപഞ്ചായത്ത് - 2004-05 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക '3.(3) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.753/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 23/03/2013

പരാമർശം:- 1) 02/03/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം4-5013/12 നമ്പർ കത്ത്.

2) 07/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി.റ്റി2/24971/13 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) പ്രകാരം മെഡിക്കൽ ബോധവൽക്കരണ ക്യാമ്പ് നടത്തുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 3,640/- രൂപ ചെലഴിച്ച നടപടി ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

എരിമയൂർ ഗ്രാമപഞ്ചായത്തിൽ നാല് മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയത് അന്നത്തെ സാഹചര്യത്തിൽ അനിവാര്യമായിരുന്നെന്നും ജനങ്ങളുടെ ആരോഗ്യാവസ്ഥയ്ക്ക് ഗുരുതരമായ ഭീഷണി ഉണ്ടായിരുന്ന സമയമാണത് നടത്തിയതെന്നും ആയതിനാൽ പ്രസ്തുത ചെലവ് സാധൂകരിച്ച് നൽകണമെന്ന് 25/06/2011-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15-ാം നമ്പർ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയുമടിസ്ഥാനത്തിൽ അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ ഓഡിറ്റ്

റിപ്പോർട്ട് ഖണ്ഡിക 3(3) പ്രകാരം തടസ്സപ്പെടുത്തിയ മെഡിക്കൽ ബോധവൽക്കരണ ക്യാമ്പ് നടത്തുന്നതിനായി 3,640/- രൂപ (മൂവായിരത്തി അറുനൂറ്റി നാല്പത് രൂപ മാത്രം) ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, എരിമയൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ